ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽനിന്നും താഴെ പറയുന്ന തോതിൽ സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് സമ്മതം ലഭിച്ചിട്ടുണ്ട്:

1. തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം — ശ്രീ. ടി. എൻ. പ്രതാപൻ, എം.എൽ.എ. (25 ലക്ഷം രൂപ)

2. വടകര ഇൻഡോർ സ്റ്റേഡിയം — ശ്രീ. സി. കെ. നാണു, എം.എൽ.എ. (25 ലക്ഷം രൂപ)

3. കോണാർ വയൽ സ്റ്റേഡിയം — ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. (50 ലക്ഷം രൂപ)

4. കണിയാകുളം ആലപ്പുഴ സ്റ്റേഡിയം — ശ്രീ. കെ. സി. വേണുഗോപാൽ, എം.എൽ.എ. (ബഹു. ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.)

(ഡി) സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി 50% കേന്ദ്രസഹായത്തിനായി 19 അപേക്ഷകൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ നെടുമങ്ങാട്, പുനലൂർ എന്നീ പദ്ധതികൾക്ക് കേന്ദ്രസഹായം വാഗ്ദാനം ചെയ്തുകൊണ്ട് അനുവാദം ലഭിച്ചിട്ടുണ്ട്. മറ്റുള്ളവ പരിഗണനയിലിരിക്കെ 1-4-2005 മുതൽ കേന്ദ്രസഹായ പദ്ധതി കേന്ദ്ര സർക്കാർ നിർത്തിവെച്ചിരിക്കുകയാണ്. സ്റ്റേഡിയങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ഉണ്ട്. രണ്ടാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി 2005-06 ഉപധനാഭ്യർത്ഥനയിൽ തുക വകയിരുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

വെള്ളായണി അഗ്രികൾച്ചറൽ കോളേജിലെ സ്പോർട്സ് ഹോസ്റ്റൽ

112 [3368] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി അഗ്രികൾച്ചറൽ കോളേജ് കാമ്പസിൽ നടന്നുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള സ്പോർട്സ് ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ സ്പോർട്സ് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

---

† അനുബന്ധം IX കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്പോർട്സ് ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾക്ക് സ്പോർട്സ് വകുപ്പും സ്പോർട്സ് കൗൺസിലും എന്ത് പങ്കാണ് നിർവഹിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോസ്റ്റൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. അതിനാൽ സ്പോർട്സ് വകുപ്പ് ഹോസ്റ്റലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല.

(ബി) സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും അത്ലറ്റിക്, ജിംനാസ്റ്റിക്, ഹോക്കി, ബോക്സിംഗ്, റെസലിംഗ് തുടങ്ങിയ ഇനങ്ങളിൽ പരിശീലകരെ നിയമിച്ചിട്ടുണ്ട്. റെസലിംഗിന് ഉപയോഗിക്കുന്ന മാറ്റുകളും നൽകിയിട്ടുണ്ട്.

സ്പോർട്സ് താരങ്ങൾക്ക് ജോലിക്കുള്ള മാനദണ്ഡം

113 [3369] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് ജോലി നൽകുന്നതിനുള്ള മാനദണ്ഡങ്ങളിലെ അപാകതകൾ നീക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഓരോ സ്പോർട്സ് ഗെയിമിലേക്കും ആവശ്യമുള്ള താരങ്ങളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കായിക താരങ്ങളെ സർക്കാർ ജോലിയിൽ പ്രവേശിപ്പിക്കാനുള്ള സെലക്ഷൻ നടക്കുമ്പോൾ സ്ത്രീകളുടെ സംവരണം ഉറപ്പാക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ വനിതകൾക്കും തുല്യ പങ്കാളിത്തം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) 2002 മുതൽ 2004 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 60 ഒഴിവുകളിലേക്ക് 22-8-2005-ലെ 28620/എസ്.ഡി.1/05/പൊ.ഭ.വ. എന്ന നമ്പരിലെ വിജ്ഞാപന പ്രകാരം കായിക താരങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ളതും കേരളത്തിൽ ഏറെ പ്രചാരമുള്ള കായിക ഇനങ്ങളിലെ (പ്രസ്തുത നോട്ടിഫിക്കേഷനിലെ അനുബന്ധം 1-8) മികച്ച നേട്ടങ്ങൾ മാത്രം പരിഗണിച്ച് 2002 മുതൽ 2004 വരെയുള്ള കാലഘട്ടത്തിലെ 60 ഒഴിവുകളിൽ സ്പോർട്സ് കോട്ടാ നിയമനം നൽകുന്നതിനായി നയപരമായ തീരുമാനം എടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly